"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.രാജു എം, ശ്രീ.അലക്സ് എന്നിവർക്കെതിരയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1069/2026/LSGD തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/02/2024 ലെ LSGD/PD/68894/2023-VIGA3 നമ്പർ റിപ്പോർട്ട്.
2. ശ്രീ.രാജു എം -നെതിരെയുള്ള സർക്കാരിന്റെ 18/02/2025 ലെ EPB2/118/2024-LSGD നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ.അലക്സ് -നെതിരെയുള്ള സർക്കാരിന്റെ 18/02/2025 ലെ EPB2/118/2024-LSGD നമ്പർ കുറ്റാരോപണ മെമ്മോ.
4. ശ്രീ.അലക്സിന്റെ 19/03/2025 ലെ എതിർവാദ പത്രിക
5. ശ്രീ.രാജു എം -ന്റെ 04/04/2025 തീയതിയിൽ ലഭ്യമാക്കിയ എതിർവാദ പത്രിക
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/05/2025 ലെ LSGD/PD/68894/2023-VIGA3 നമ്പർ റിപ്പോർട്ട്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16/07/2025 ലെ LSGD/PD/68894/2023-VIGA3 നമ്പർ റിപ്പോർട്ട്.
8. സർക്കാരിന്റെ 04/11/2025 ലെ EPB2/118/2024/LSGD നമ്പർ ഹിയറിംഗ് നോട്ടീസ്.
9. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29/04/2026 ലെ LSGD/PD/68894/2023-VIGA3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ ശ്രീ. വേണുഗോപാൽ ബി. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ അണ്ടൂർ വൈങ്കോട്ടൂർ റോഡിന് അഭിമുഖമായ ഭാഗത്ത് 24 മീറ്റർ നീളത്തിൽ മതിൽ നിർമ്മാണത്തിന് 09/06/2020 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ മതിൽ

നിർമ്മാണ അനുമതി ലഭിക്കാത്തതിനാൽ ശ്രീ.വേണുഗോപാൽ ബി. ഇതു സംബന്ധിച്ച് സംസ്ഥാനതല അദാലത്തിൽ പരാതി നൽകുകയും പെർമിറ്റ് നൽകുന്നതിൽ കാലതാമസം സംഭവിച്ചിരുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർ അന്വേഷണം നടത്തയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ, ശ്രീ.വേണുഗോപാലിന് മതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ചുവടെ സൂചിപ്പിക്കുന്ന പ്രകാരമുള്ള വീഴ്ച്കൾ സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുണ്ടായി.

i. മതിൽ നിർമ്മാണത്തിനുള്ള **09.06.2020** ലെ അപേക്ഷ **15/6/2020**-ൽ ബന്ധപ്പെട്ട ഓവർസിയർക്ക് കൈമാറുന്നതിന് സെക്രട്ടറി നിർദ്ദേശിച്ചെങ്കിലും ഇതിനോടനുബന്ധിച്ചു നടത്തേണ്ട തുടർ നടപടി യഥാസമയം നടപ്പിലാക്കാതെ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് വൈകിപ്പിച്ചിരുന്നു.

ii. ശ്രീ.വേണുഗോപാലിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ മതിൽ നിർമ്മാണ അനുമതിക്കായിട്ടുള്ള അപേക്ഷയിന്മേൽ **02.07.2020**-ൽ ഓവർസിയർ സ്ഥലത്ത് പോയി പരിശോധിച്ച് **7.40** മീറ്റർ ആണ് റോഡ് വീതിയെന്നും എന്നാൽ പ്ലാനിൽ **7** മീറ്റർ വീതിയാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തു. **14.07.2020**-ന് ശ്രീ.വേണുഗോപാൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും ഓവർസിയർ സ്ഥല പരിശോധന നടത്തി **7.40** മീറ്റർ തന്നെയാണ് റോഡിന്റെ വീതിയെന്ന് **27.07.2020**-ൽ റിപ്പോർട്ട് ലഭ്യമാക്കി. ടി കാര്യങ്ങൾ പരിഗണിച്ച് യാതൊരു രേഖകളുടെയും പിൻബലമില്ലാതെ ശരാശരി **7.25** മീറ്റർ കുറയാത്ത വീതി നിലനിർത്തി മതിൽ നിർമ്മാണ അനുമതി നൽകാൻ സെക്രട്ടറി നിർദ്ദേശിച്ചിരുന്നു.

iii. **08/03/2021**-ൽ താലൂക്ക് സർവ്വേയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വേ നമ്പർ **242/10**-ൽ പെട്ട വീതി അടയാളപ്പെടുത്താത്ത സർക്കാർ പുറമ്പോക്ക് റോഡിന്റെയും, സർവ്വേ നമ്പർ **228/5, 228/6**-ൽ ഉൾപ്പെട്ട സ്വകാര്യ സ്ഥലത്തിന്റെ വീതിയും നീളവും അടയാളപ്പെടുത്തിയ പൊതു അതിർത്തി സ്കെച്ച് തഹസിൽദാർ സെക്രട്ടറിക്ക് നൽകി. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം അളന്ന്, മതിൽ നിർമ്മാണ അനുമതി നൽകുന്നതിനുള്ള യാതൊരു നടപടിയും സെക്രട്ടറി സ്വീകരിച്ചില്ല.

iv. **08/03/2021**-ൽ കൊട്ടാരക്കര തഹൽസിദാർ നൽകിയ സർവ്വെ സ്കെച്ച് **08/07/2021**-ൽ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ **LSGD**-യ്ക്ക് നൽകിയത്. **21.03.2022**-ൽ ആർ.എ.3-97/2022/ത.സ്വ.ഭ.വ. നമ്പരായ ഗവൺമെന്റ് സെക്രട്ടറിയുടെ കത്തിൽ, പരാതിക്കാരന് ടിയാന്റെ ഉടമസ്ഥതയിലുള്ള

സ്ഥലത്തിന്റെ രേഖകൾ പ്രകാരം അവകാശപ്പെട്ട സ്ഥലത്തിന്റെ അതിർത്തി നോക്കി വേണം മതിൽ നിർമ്മാണത്തിന് അനുമതി നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടും റോഡിന്റെ വീതി രേഖപ്പെടുത്തിയിട്ടില്ലെന്നുള്ള കാരണം പറഞ്ഞ് നിർദ്ദേശം പാലിച്ചിട്ടില്ല.

v. **30.3.2022**-ൽ പരാതിക്കാരൻ ബഹു. മുൻസിഫ് കോടതിയുടെ **OS No.166/21** കേസിൽ **IA No.5/21** ആയി കക്ഷി ചേരുകയും, റീസർവ്വെ പ്ലാൻ പ്രകാരം ഉള്ള വീതി അനുസരിച്ച് പെർമിറ്റ് നൽകുവാൻ ബഹു.കോടതി നിർദേശിക്കുകയും ബഹു. കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ, ടിയാന്റെ ഭാഗത്തെ റോഡിന്റെ വീതി **6.75** മീറ്റർ മുതൽ **7** മീറ്റർ വരെ ആണെന്നും, ആയതിൽ പരാതിക്കാരനോ ഗ്രാമപഞ്ചായത്തോ ഉൾപ്പെടെയുള്ള മറ്റ് കക്ഷികളും വിയോജിപ്പ് രേഖപെടുത്തിയിരുന്നിട്ടില്ലാതിരുന്നിട്ടും, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന് മതിൽ നിർമ്മാണത്തിന് അനുമതി നൽകുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി.

vi. **10.6.2022**-ൽ ഗവൺമെന്റ് സെക്രട്ടറി, **21.03.2022**-ലെ ആർ.എ3-**97/2022** തസ്വഭവ നമ്പർ നിർദ്ദേശം പാലിക്കാത്തതിന് സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു. ബഹു.മുൻസിഫ് കോടതിയുടെ ഒ.എസ്.നം.**166/21**-ലെ കേസിൽ ഐ.എ**1/2021**-ൽ ബഹു. കോടതി റിസർവ്വേ പ്ലാനിൽ ഉള്ള വീതിയിൽ മതിൽ ചെയ്യാമെന്ന് അനുവദിച്ച് **30.03.2022**-ൽ ഉത്തരവായിട്ടുണ്ടെന്നും, പ്രസ്തുത നിർമ്മാണം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കുമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വീതി സംബന്ധിച്ച് പഞ്ചായത്തിന് തീരുമാനമെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിലാണ് പെർമിറ്റ് നൽകുവാൻ കഴിയാത്തതെന്നുള്ള തൃപ്തികരമല്ലാത്ത മറുപടി സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. യഥാർത്ഥത്തിൽ **30.3.2022**-ൽ ബഹു. മുൻസിഫ് കോടതിയുടെ **O.S No.166/21** കേസിൽ **IA No.5/21** ആയി റീസർവെ പ്ലാൻ പ്രകാരം ഉള്ള വീതി അനുസരിച്ച് പെർമിറ്റ് നൽകുവാൻ ബഹു.കോടതി നിർദേശിക്കുകയും, ബഹു. കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ ടിയാന്റെ ഭാഗത്തെ റോഡിന്റെ വീതി **6.75** മീറ്റർ മുതൽ **7** മീറ്റർ വരെ ആണ് വീതിയെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകുവാൻ കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുമുണ്ട്.

vii. ആസ്തി രജിസ്റ്ററിൽ റോഡിന്റെ വീതി **7.5** മീറ്റർ ആണ് കാണുന്നത് എങ്കിലും ടി റോഡിന് വീതി **5.5** മീറ്റർ മുതൽ **7.5** മീറ്റർ വരെ നിലനിർത്തി സമീപ റോഡ് ഭാഗത്ത് മറ്റ് വ്യക്തികൾക്ക് മതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു. **09.06.2020** മുതൽ **03.08.2023**-ൽ സംസ്ഥാനതല അദാലത്തിൽ പരിഗണിക്കുന്നതു വരെയുള്ള കാലയളവിൽ ശ്രീ. വേണുഗോപാലിന്റെ പരാതി ലഘുവായ കാരണങ്ങൾ ഉന്നയിച്ച് ടിയാന്റെ ഭൂമിയിൽ മതിൽ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്നതിൽ കാലതാമസം വരുത്തി.

viii. ശ്രീ. വേണുഗോപാൽ ബി., ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എതിർകക്ഷിയായി ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ **387/2020** ആയി കേസ് ഫയൽ ചെയ്തിരുന്നു. ഇതിൽ **21/06/2022**-ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് ശ്രീ. വേണുഗോപാൽ ബി.-യുടെ വീടിന്റെ ഭാഗത്ത് 7 മീറ്ററിൽ കൂടുതൽ വീതിയിൽ സ്ഥലം റോഡിനായി ആരെങ്കിലും വിട്ട് നൽകിയിട്ടുണ്ടെന്ന് രേഖയില്ലാത്ത നിലയ്ക്കും അതേ റോഡിൽ തന്നെ മറ്റ് രണ്ട് പേർക്ക് 7 മീറ്റർ വീതിയിലും അഞ്ചര മീറ്റർ വീതിയിലും റോഡ് നിർത്തി പെർമിറ്റ് കൊടുത്ത നിലയ്ക്കും പരാതിക്കാരന്റെ അപേക്ഷയിൽ അനുമതി നൽകാതിരിക്കുന്ന നടപടി ദുർഭരണവും ക്രമക്കേടുമാണെന്നും പ്രസ്തുത സാഹചര്യത്തിൽ പരാതിക്കാരന്റെ അപേക്ഷയിൽ ഒരു മാസത്തിനകം തീരുമാനമെടുത്ത് പരാതിക്കാരനെ അറിയിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിരുന്നു. എന്നാൽ സെക്രട്ടറി പ്രസ്തുത ഉത്തരവും നടപ്പിലാക്കിയിരുന്നില്ല. ഇതിനെ തുടർന്ന് ശ്രീ. വേണുഗോപാൽ ബി. ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്ത സി. എം. പി. **122/2022** നമ്പർ കേസിൽ **21/06/2022** ലെ ഓംബുഡ്സ്മാൻ വിധി നടപ്പിലാക്കാതിരുന്ന സെക്രട്ടറിയോട് വിശദീകരണം ആരായുകയും ചെയ്തിരുന്നു. എന്നാൽ കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്ന കാരണത്താൽ സെക്രട്ടറി ഉത്തരവുകൾ ഒന്നും നടപ്പാക്കിയിരുന്നില്ല.

**2.** പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കേണ്ടുന്ന ഉദ്യോഗസ്ഥരായ ശ്രീ.രാജു എം., ശ്രീ.അലക്സ് എന്നിവർക്കെതിരെ സർക്കാർ തലത്തിൽ **1960**-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം യഥാക്രമം പരാമർശം **(2)**, പരാമർശം **(3)** പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

**3.**കുറ്റാരോപണ മെമ്മോക്ക് ശ്രീ.അലക്സ് ലഭ്യമാക്കിയ പരാമർശം **(4)** എതിർവാദ പത്രികയിൽ ടിയാൻ ചുവടെ പറയും പ്രകാരം വിശദീകരണം നൽകിയിരുന്നു.

*ശ്രീ. വേണുഗോപാൽ മതിൽ നിർമ്മാണത്തിനായി **09-06-2020** ന് നല്കിയ അപേക്ഷ **15-06-2020** ന് തന്നെ അന്വേഷണത്തിനായി ഓവർസീയർക്ക് കൈമാറാൻ സെക്രട്ടറി എന്ന നിലയിൽ നിർദ്ദേശിച്ചിരുന്നു.*

*ശ്രീ. വേണുഗോപാലിന്റെ മതിൽ നിർമ്മാണത്തിനുള്ള പ്ലാനിൽ അണ്ടൂർ - വൈങ്കോട്ടൂർ പഞ്ചായത്ത് റോഡിന്റെ വീതി 7 മീറ്റർ എന്നാണ് കാണിച്ചിരുന്നത്. സ്ഥല പരിശോധനയിൽ ടി മതിൽ നിർമ്മിക്കുന്ന സ്ഥലം ഉൾപ്പെടുന്ന റോഡ് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പുനഃരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി ഏറ്റെടുത്തതിന്റെ ഭാഗമായി ശ്രീ. വേണുഗോപാൽ ഉൾപ്പെടെ എട്ടോളം*

*വ്യക്തികളുടെ വസ്തുവിന്റെ കുറച്ച് ഭാഗം കൂടി എടുത്ത് റോഡിന്റെ വീതി വർദ്ധിപ്പിച്ചിരുന്നു. റോഡിന്റെ വീതി നിർമ്മാണം കഴിഞ്ഞ് ആറുമാസത്തിന് ശേഷം **09.06.2020**-ലാണ് പെർമിറ്റിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നത്. അതായത് ആറ് മാസത്തോളം ടി സ്ഥലത്ത് ലഭ്യമായ അധിക സ്ഥലം റോഡിനായി എടുത്തത് സംബന്ധിച്ച് യാതൊരു പരാതിയും ആരും ഉന്നയിച്ചിരുന്നില്ല. അപ്രകാരം ടി സ്ഥലത്ത് **07.25** മീറ്റർ മുതൽ **07.40** മീറ്റർ വരെ വീതി ലഭ്യമാണ് എന്ന് **LID&EW** സാങ്കേതിക വിഭാഗം ജീവനക്കാരുടെ പരിശോധനയിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൻ പ്രകാരം പ്ലാനിൽ മാറ്റം വരുത്തി സമർപ്പിക്കുവാൻ **02.07.2020**-ൽ അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ടിയാൻ മാറ്റം വരുത്തിയ പ്ലാൻ സമർപ്പിക്കുവാൻ തയ്യാറായില്ല.*

***14.07.2020**-ൽ ശ്രീ.വേണുഗോപാൽ, തനിക്ക് 7 മീറ്റർ നിലനിർത്തിത്തന്നെ പെർമിറ്റ് തരണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിൽ പരാതി സമർപ്പിച്ചതിനാൽ വീണ്ടും **LID&EW** സാങ്കേതിക വിഭാഗം ജീവനക്കാരും സെക്രട്ടറിയും സംയുക്ത സ്ഥല പരിശോധന നടത്തി. ടി റോഡിന് പല സ്ഥലത്തും വ്യത്യസ്ത വീതി ഉള്ളതായും മതിൽ നിർമ്മിക്കുന്ന സ്ഥലത്ത് റോഡിന് **7.25** മുതൽ **7.40** മീറ്റർ വരെ വീതി ബ്ലോക്കിന്റെ പ്രവർത്തിക്കുശേഷം ലഭ്യമായിരുന്നതായും വ്യക്തമായി. ആയതിനാൽ, റോഡ് എന്ന സാമൂഹ്യ ആസ്തിയുടെ ഫലപ്രദമായ ഉപയോഗം കൂടി സാധ്യമാകത്തക്കവിധവും **KPR ACT** സെക്ഷൻ **250** പ്രകാരം സദുദ്ദേശത്തോടെയും **7.25** മീറ്റർ വീതിയിൽ പെർമിറ്റ് നൽകാൻ തീരുമാനിക്കുകയാണുണ്ടായത്. തുടർന്ന് അനവധി നിരവധി **RTI** അപേക്ഷകൾ ഗ്രാമ പഞ്ചായത്തിൽ ടിയാൻ സമർപ്പിക്കുകയുണ്ടായി. റോഡ് വീതി സംബന്ധിച്ച് ബഹു. കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ **15.01.2021**-ൽ ഈ വിഷയത്തിൽ നൽകിയ സ്പഷ്ടീകരണം പഞ്ചായത്തിന്റെ നിലപാട് സാധൂകരിക്കുന്നതായിരുന്നു. ടി റോഡിൽ പെർമിറ്റ് നൽകിയ കേസുകളിൽ എല്ലാം തന്നെ സ്ഥലത്ത് ലഭ്യമായ വീതി കൂടി പരിഗണിച്ചാണ് നടപടി സ്വീകരിച്ചു വന്നിരുന്നത്.*

*ടി റോഡിന് വേണ്ടി വർഷങ്ങൾക്ക് മുൻപ് തന്നെ സമീപ വാസികൾ ഗതാഗത സൌകര്യത്തിനായി വസ്തു വിട്ടു നൽകിയിരുന്നതാണ്. മാത്രമല്ല, **1995**-ൽ റീസർവ്വേ നടന്ന ശേഷം ഉള്ള വീതി വർദ്ധനവുകൾ ഒന്നും, പ്രസ്തുത റിക്കാർഡിൽ ഉൾപ്പെട്ട് വന്നിട്ടില്ലാത്തതുമാണ്. ഇപ്രകാരം ലഭ്യമായ വീതി കൂടി പെർമിറ്റ് നൽകുന്നതിലും ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തി പൊതുവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.*

*ടി റോഡിന്റെ നിലവിലുള്ള വീതി 7 മീറ്ററിൽ കൂടുതൽ ആയതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് റോഡ് നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയത് എന്ന് മനസ്സിലാക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള മിക്ക റോഡുകളും സ്ഥല വാസികൾ സ്ഥലം സ്വമേധയാ വിട്ട് നൽകി വീതി കൂടുതൽ ലഭ്യമാക്കിയവയാണ്. അപ്രകാരം ആസ്തി രജിസ്റ്ററിലും കാലാകാലങ്ങളിൽ നിലവിലെ വീതി രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ റവന്യൂ രേഖകളിൽ വസ്തു ഉടമകൾ വിട്ടു നൽകിയ വസ്തു*

*കുറവ് ചെയ്ത് പുറമ്പോക്ക് വഴിയുടെ വീതി വർദ്ധിക്കുന്ന സാഹചര്യം നടപടി ക്രമങ്ങളിലൂടെ പലപ്പോഴും പൂർത്തീകരിക്കാറില്ലായെന്ന സാഹചര്യം നിലവിലുണ്ട്.*

*ടി റോഡിന് നിലവിലുള്ള വീതി നിലനിർത്തണമെന്ന ശക്തമായ പ്രാദേശിക ആവശ്യം നിലനിന്നിരുന്നു. **8** മീറ്ററിൽ കുറച്ച് പെർമിറ്റ് നൽകരുത് എന്ന് കാണിച്ച് കൊട്ടാരക്കര മുൻസിഫ് കോടതിയിൽ **OS 166/2021** കേസ് ശ്രീ. ആർ.ജെ. പ്രസാദ്, മറ്റപ്പള്ളിൽ വീട്, അണ്ടൂർ ഫയൽ ചെയ്ത് **01/2021** നിരോധന ഉത്തരവും പഞ്ചായത്തിൽ ലഭ്യമാക്കി. ഇതിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എതിർ കക്ഷിയുമായിരുന്നു. ഈ കാര്യത്തിൽ ബഹു. കോടതിയുടെ അന്തിമ തീരുമാനം ശ്രീ.അലക്സ് ജോലി ചെയ്തിരുന്ന കാലയളവിൽ ഉണ്ടായിട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവിൽ പെർമിറ്റ് നൽകാനാകുമായിരുന്നില്ല.*

***08.03.2021**-ലെ താലൂക്ക് സർവ്വേയറുടെ **B14/9895/2020** നമ്പർ കത്തും സ്കെച്ചും ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ലഭിച്ചത് **08.07.2021**-ൽ മാത്രമാണ്. ഈ റിപ്പോർട്ടും ഫയലും **LSGD**-ക്ക് **16.07.2021**-ൽ കൈമാറുകയും ഓവർസീയർ ശ്രീ. കെ. രാജു രജിസ്റ്ററിൽ ഒപ്പിട്ട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയുന്നു. ശ്രീ.അലക്സ് അസിസ്റ്റന്റ് ഡയറക്ടർ ആയി പത്തനംതിട്ടയിലേക്ക് പ്രൊമോഷൻ ആയിപ്പോയ **15-06-2021** ന് ശേഷമാണ് ഈ റിപ്പോർട്ട് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നത്. ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തത് **27.07.2015** മുതൽ **15.06.2021** വരെയാണ്. സർക്കാരിൽ നിന്നുള്ള **21-03-2022** തീയതിയിലെ ആർ.എ.**3/97/2022**/തസ്വഭവ നമ്പർ കത്ത് ഗ്രാമ പഞ്ചായത്തിൽ ലഭിക്കുന്ന കാലയളവിൽ ശ്രീ. അലക്സ്, സെക്രട്ടറി തസ്തികയിൽ ഇല്ലാത്തതുമാണ്. ആയതിനാൽ പ്രസ്തുത കാലയളവിനു ശേഷമുള്ള തുടർനടപടികൾക്ക് ടിയാൻ ഉത്തരവാദിയല്ല. കൂടാതെ ടിയാൻ സെക്രട്ടറിയുടെ ചുമതല നിർവ്വഹിച്ചിരുന്ന **15-06-2021** വരെ കോടതി വ്യവഹാരങ്ങൾ നിമിത്തം പെർമിറ്റ് നൽകുന്നതിന് തടസമുണ്ടായിരുന്നു. കോവിഡ്-**19** വ്യാപനമുണ്ടായ സാഹചര്യത്തിൽ തഹസീൽദറുടെ റിപ്പോർട്ട് **08-07-2021** ൽ മാത്രമാണ് ഉമ്മന്നൂർ ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതെന്നും ഈ കാലതാമസമാണ് പെർമിറ്റ് അനുവദിക്കുന്നതിന് പ്രധാന തടസ്സമായത് .*

**4.** ശ്രീ.അലക്സിന്റെ പരാമർശം **(4)** എതിർവാദ പത്രികയിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(6)** പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ വിശദമാക്കി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*ശ്രീ. വേണുഗോപാൽ **09.06.2020** തീയതിയിൽ പെർമിറ്റ് അപേക്ഷ നൽകുന്ന സമയത്ത് കോവിഡ്-**19** തടയുന്നതിനുള്ള ദുരന്തനിവാരണ നടപടികളും **CFLTC** പോലുള്ള പ്രവർത്തനങ്ങൾ നടക്കുന്ന സമയമായിരുന്നിട്ട് കൂടി ശ്രീ. വേണുഗോപാലിന്റെ അപേക്ഷ **15.06.2020**- ൽ അന്വേഷണത്തിനായി ഓവർസിയർക്ക് കൈമാറിയിട്ടുണ്ടെന്ന് വാസ്തവമാണ്.*

*09.06.2020- തീയതിയിൽ ലഭിച്ച അപേക്ഷയിൽ 23.03.2021 തീയതിയിൽ മാത്രമാണ് കൊട്ടാരക്കര മുനിസിഫ് കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിക്കുന്നത്. കൂടാതെ പ്രസ്തുത റോഡിൽ തന്നെ 03/06/2020 ന് ശ്രീമതി.മാലിനി ടി എന്നയാൾക്കും, 02/12/2020 ന് ശ്രീ.രതീഷ് കുമാർ ടി, സ്മിത ആർ. എന്നിവർക്കും റോഡിന്റെ വീതി 7 മീറ്റർ ആയി കാണിച്ച് ചുറ്റുമതിൽ നിർമ്മാണത്തിനു സെക്രട്ടറിയായിരുന്ന ശ്രീ. അലക്സ് സി. തന്നെ പെർമിറ്റ് നൽകിയിട്ടുള്ളതായി കാണുന്നുണ്ട്. പെർമിറ്റ് അനുവദിക്കാത്തത് സംബന്ധിച്ച് ശ്രീ. വേണുഗോപാൽ നൽകിയ പരാതികളും ഗൗരവതരമായി പരിഗണിച്ചിട്ടില്ല എന്ന് കരുതാവുന്നതാണ്. ആയതിനാൽ തന്നെ ശ്രീ. വേണുഗോപാലിന് പെർമിറ്റ് നിഷേധിക്കുന്ന തരത്തിൽ ശ്രീ.അലക്സ് പ്രവർത്തിച്ചിട്ടുണ്ട് എന്ന വസ്തുത മനസ്സിലാക്കാവുന്നതാണ്.*

*ശ്രീ. അലക്സ് സി. 15.06.2021 -ൽ പ്രൊമോഷൻ ലഭിച്ച് ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത് പോയ ശേഷമാണ് താലൂക്ക് സർവെയറുടെ റിപ്പോർട്ട് 06.07.2021 -ൽ പഞ്ചായത്തിൽ ലഭ്യമാകുന്നത്. ആയത് 07.07.2021 -ൽ ലഭ്യമായ വിവരം ഫയൽ നോട്ടിൽ സീനിയർ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിശദീകരണം തൃപ്തികരമാണ്.*

*സർക്കാർ നിർദ്ദേശങ്ങൾ, കോടതി ഉത്തരവുകൾ, ഓംബുഡ്സ്മാൻ ഉത്തരവുകൾ തുടങ്ങിയവ ശ്രീ. അലക്സ് സി. ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രൊമോഷനായി സ്ഥലം മാറി പോയതിന് ശേഷമാണ് ലഭ്യമായിട്ടുള്ളത് എന്നതിനാൽ ടിയാൻ ഇത് സംബന്ധിച്ച് നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതാണ്.*

5.കുറ്റാരോപണ മെമ്മോക്ക് ശ്രീ.രാജു എം. ലഭ്യമാക്കിയ പരാമർശം (5) എതിർവാദ പത്രികയിൽ ടിയാൻ ചുവടെ പറയും പ്രകാരം വിശദീകരണം നൽകിയിട്ടുണ്ട്.

*കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ 02.07.2021 ലാണ് സെക്രട്ടറിയായി ചാർജ്ജ് ഏറ്റെടുത്തത്.മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തന്റെ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് കൊട്ടാരക്കര താലൂക്ക് സർവ്വേ ഓഫീസിൽ നിന്നും ലഭിച്ച ബി14/9895/2020 (അതിർത്തി മാർക്ക് ചെയ്യാത്ത) സർവ്വേ സ്കെച്ചുമായി ശ്രീ.വേണുഗോപാൽ പഞ്ചായത്തിൽ ഹാജരായപ്പോൾ മാത്രമാണ് പരാതി ശ്രദ്ധയിൽപ്പെടുന്നത്. ഉടൻ തന്നെ സർവ്വേ സ്കെച്ച് സെക്ഷൻ ക്ലർക്ക് മുഖേന പരിശോധനയ്ക്കായി അസി.എഞ്ചിനിയർക്ക് റിപ്പോർട്ടിനായി സമർപ്പിച്ചതിൽ ടി വസ്തുവിന്റെ റോഡിനോട് ചേർന്നുള്ള അതിർത്തി കല്ല് സ്ഥലത്ത് ഇല്ലെന്നും റോഡ് വികസനത്തിന്റെ ഭാഗമായി വീതികൂട്ടിയിട്ടുള്ളതിനാൽ ടി വസ്തുവിന്റെ അതിർത്തി കൃത്യമായി നിർണയിക്കാൻ കഴിയില്ലെന്നും രേഖാമൂലം റിപ്പോർട്ട് ലഭ്യമാക്കി.ഇതിനിടയിൽ ശ്രീ.വേണുഗോപാലിന്റെ*

*വസ്തുവിനോട് ചേർന്ന് റോഡിന് 8 മീറ്റർ വീതിയുണ്ടെന്ന് കാണിച്ച് സമീപവാസിയായ ശ്രീ.പ്രസാദ് കൊട്ടാരക്കര മുനിസിഫ് കോടതിയിൽ ഒ.എസ് 166/21 പ്രകാരം കേസ് ഫയൽ ചെയ്തതിൽ പരാതിക്കാരന് ടി കേസിൽ 23.03.2021 തീയതിയിൽ IA.No.1/2021 പ്രകാരം ടിയാന് മതിൽ നിർമ്മാണത്തിന് അനുമതി നൽകുന്നതിനെതിരെ injunction order സമ്പാദിച്ചിട്ടുണ്ടെന്നും ശ്രദ്ധയിൽപ്പെടുകയും ചെയ്തു .*

*തുടർന്ന് ശ്രീ.വേണുഗോപാൽ , ഗ്രാമപഞ്ചായത്തിനെ എതിർകക്ഷിയാക്കി 30.10.2021 ൽ ടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുന്നതിന് ഒ.എസ് 259/21 നമ്പരായി കൊട്ടാരക്കര മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിൽ I.A.No.1/2021 പ്രകാരം ടി കേസ് കോടതി ഡിസ്മിസ്സ് ചെയ്യുകയും ചെയ്തു.*

*30.03.2022-ൽ കൊട്ടാരക്കര മുൻസിഫ് കോടതിയിൽ നിലവിലുള്ള ഒ.എസ് 166/21 IA.No.1/21, Petition Dismiss ചെയ്യുകയും പരാതിക്കാരൻ നൽകിയ IA.No.5/21 പ്രകാരം നിലവിലുള്ള injunction order താഴെപ്പറയുംപ്രകാരം ഉത്തരവാകുകയും ചെയ്തു. The petitioner is permitted to construct the boundary wall after leaving the width stated in the resurvey plan. But the permission granted to the petitioner will be subject to the final result of the suit by the act or omission of the parties. In the result, the petition is allowed as follows.*

*The petitioner is permitted to construct the compound wall after leaving the width stated in the resurvey plan with respect to the pathway.*

*ബഹു.കോടതി ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ വീതി രേഖപ്പെടുത്തിയ റവന്യൂ സ്കെച്ചും ടി വീതി പ്രകാരമുള്ള റിവൈസ്ഡ് പ്ലാനും സമർപ്പിക്കുന്നതിന് ശ്രീ. വേണുഗോപാലിന് 07.05.2022- ൽ കത്ത് നൽകുകയും ആയത് ഹാജരാക്കിയിട്ടില്ലാത്തതുമാണ്. തുടർന്ന് തഹസിൽദാർ,ഭൂരേഖയ്ക്ക് 400284/BAOAN03/GPO/2022/602(3), dtd 18.05.2022 പ്രകാരവും വില്ലേജ് ഓഫീസർ, വാളകത്തിന് 14.07.2022-ലെ 400284/BAOAN03/GPO/2022/1483(2) പ്രകാരവും കത്ത് നൽകിയിട്ടുള്ളതാണ്. ആയതിന് മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ ഭൂരേഖ തഹസിൽദാരെ നേരിട്ട് പോയി വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.*

*ഇത് സംബന്ധിച്ച് 10.06.2022 ലെ ത.സ്വ.ഭ.വ/എ/3097/2022 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന് സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന്റെ കാര്യകാരണങ്ങൾ വ്യക്തമാക്കി മറുപടി നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.കൊല്ലം കളക്ടർക്ക് സർവ്വേ നടപടി എത്രയും വേഗം പൂർത്തീകരിച്ച് അതിർത്തി നിർണയിച്ച് നൽകേണ്ടതാണെന്ന് കൊട്ടാരക്കര*

ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ച് **28.10.2022** -ലെ എ**3/97/2022** ത.സ്വ.ഭ.വ നമ്പറായി കത്ത് നൽകിയിട്ടുള്ളതാണ്. വീണ്ടും ഈ കത്തിന്റെ അടിസ്ഥാനത്തിൽ **15.12.2022** ൽ ഭൂരേഖ തഹസിൽദാർക്ക് കത്ത് നൽകുകയുണ്ടായി.

ഒ.എസ് **166/21** നമ്പർ കേസിലെ **IA.No. 5/2** ലെ **30.03.2022** ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.വേണുഗോപാലിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ച് റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുള്ളതും പെർമിറ്റ് അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് അതിരുകൾ വ്യക്തമാകാത്തതാണ്. ആയത് ബോധപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലാത്തതുമാണ്. **OS.166/21** ലെ കേസിലെ **IA.No.5** ൽ **30.03.2022** ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്ന് പരാമർശമുണ്ട്.

ശ്രീ.വേണുഗോപാൽ പരാതി നമ്പർ **387/2020** പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാനെ സമീപിച്ചിട്ടുള്ളതും ആയതിലെ **21.06.2022** ലെ ഉത്തരവ് പ്രകാരം ഒരു മാസത്തിനകം തീരുമാനമെടുത്ത് പരാതിക്കാരനെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി വിഷയവുമായി ബന്ധപ്പെട്ട കൊട്ടാരക്കര മുൻസിഫ് കോടതയിൽ നിലവിലുള്ള ഒ.എസ് **166/21** നമ്പർ കേസിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പിൽ നൽകിയ കത്തിന് മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

കൂടാതെ **01.08.2022**-ന് ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ **4(1)** നമ്പർ തീരുമാന പ്രകാരം ബഹു.കൊട്ടാരക്കര മുൻസിഫ് കോടതിയിലെ **166/21** നമ്പർ കേസും പഞ്ചായത്തിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. വേണുഗോപാൽ ഫയൽ ചെയ്ത **OPC 471/22** നമ്പർ കേസും നിലനിൽക്കുന്നതിനാൽ കോടതി വിധി വരുന്ന മുറയ്ക്ക് ടി പെർമിറ്റ് അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുള്ളതാണ്

മേൽപറഞ്ഞ സാഹചര്യത്തിലാണ് ശ്രീ. വേണുഗോപാലിന്റെ പെർമിറ്റ് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടത്. തുടർന്ന് **12.01.2023** ൽ ശ്രീ.രാജു എം പ്രമോഷനായി പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ഇന്റേണൽ വിജിലൻസ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും ടിയാൻ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്ത ദിവസം വരെ റവന്യു വകുപ്പിൽ നിന്നും ടി റോഡിലെ അളവുകൾ ലഭിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന് പഞ്ചായത്തിൽ നിന്നും നൽകിയ കത്തിന്റെ

*അടിസ്ഥാനത്തിൽ **24.07.2023**-ന് താലൂക്ക് സർവേയർ സ്ഥലത്ത് ഹാജരായി പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ട പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിച്ച് കത്ത് നൽകിയിട്ടുള്ളതും ആയത് പ്രകാരം അസി.എഞ്ചിനീയർ പെർമിറ്റ് അനുവദിക്കുന്നതിനുള്ള റിപ്പോർട്ട് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് പഞ്ചായത്തിന്റെ ഈ കേസ് കൈകാര്യം ചെയ്യുന്ന വക്കീലിൽ നിന്നും നിയമോപദേശം തേടുകയും **04.08.2023** ൽ ടി ബഹു.മുൻസിഫ് കോടതിയുടെ* **open court** *ലെ* **oral order** *-ന്റെ അടിസ്ഥാനത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചതിനാൽ നിയമപരമായ ഫീസ് അടച്ച് പെർമിറ്റ് അനുവദിക്കുന്നതിന് നിയമോപദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം **09.08.2023** ൽ എ**4/2552/2020** നമ്പരായി ശ്രീ.വേണുഗോപാലന് മതിൽ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്.*

**6.** ശ്രീ.രാജു എം ന്റെ പരാമർശം **(5)** എതിർവാദ പത്രികയിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(7)** പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ വിശദമാക്കി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

*ബഹു. കോടതിയുടെ **30.03.2022**- തീയതിയിലെ ഇടക്കാല ഉത്തരവിൽ, പരാതിക്കാരന് നൽകുന്ന അനുമതി കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും എന്ന് പ്രതിപാദിച്ചിട്ടുള്ളതിനാലും, റോഡിന്റെ അതിരുകൾ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് വ്യക്തമാകാത്തതിനാലുമാണ് പെർമിറ്റ് അനുവദിക്കാൻ കഴിയാത്തതെന്നും, ആയത് ലഭ്യമാകുന്നതിനായി സർവേ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ശ്രീ. രാജു എം മറുപടി നൽകിയിട്ടുണ്ട്. എന്നാൽ **07.07.2021**-തീയതിയിൽ പഞ്ചായത്തിൽ ലഭിച്ച സർവേ സ്കെച്ചിൽ റോഡിന്റെ വീതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ശ്രീ. വേണുഗോപാലിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ **(228/5, 228/6)** അളവുകൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ബഹു. കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ ശ്രീ. വേണുഗോപാലിന്റെ ഭാഗത്തെ റോഡിന്റെ വീതി **6.75** മീറ്റർ മുതൽ **7** മീറ്റർ വരെയാണെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകുവാനും കോടതി ഉത്തരവായിട്ടുണ്ട്. സർവ്വേ സ്കെച്ച് പരിശോധിച്ചു തന്നെ പെർമിറ്റ് അനുവദിക്കാമെന്നിരിക്കെ, റോഡിന്റെ വീതി രേഖപ്പെടുത്തി ലഭ്യമായാലേ പെർമിറ്റ് അനുവദിക്കാൻ കഴിയൂ എന്ന നിലപാട് സ്വീകരിച്ചത് ശ്രീ. രാജു എം.-ന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചയായി കാണാവുന്നതാണ്.*

***21.03.2022**- തീയതിയിലെ ഗവൺമെന്റ് സെക്രട്ടറിയുടെ കത്തിൽ പരാതിക്കാരന് ടിയാന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ രേഖകൾ പ്രകാരം അവകാശപ്പെട്ട സ്ഥലത്തിന്റെ അതിർത്തി നോക്കി മതിൽ നിർമ്മാണത്തിന് അനുമതി നൽകണമെന്ന നിർദ്ദേശം റോഡിന്റെ വീതി രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണം പറഞ്ഞ് പാലിക്കാതിരുന്നതും ശ്രീ.രാജു എം - ന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ള കൃത്യവിലോപം ആണെന്ന് കാണാവുന്നതാണ്.*

**7.** ശ്രീ.രാജു എം, ശ്രീ.അലക്സ് എന്നിവരെ മേൽ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് പരാമർശം **(8)** പ്രകാരം സർക്കാർ തലത്തിൽ **15/11/2025** തീയതി ഓൺലൈനായി കേൾക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ പരാമർശ വിഷയം സംബന്ധിച്ച് ബോധ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*ശ്രീ. വേണുഗോപാൽ മതിൽ നിർമ്മാണത്തിനായി **09-06-2020** ന് അപേക്ഷ നല്കിയ കാലയളവിൽ ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.അലക്സ് ആയിരുന്നു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും കോവിഡ് കാലഘട്ടമായിരുന്നിട്ടും ടി അപേക്ഷയിൻമേൽ നടപടി സ്വീകരിക്കുന്നതിന് ടിയാൻ ശ്രദ്ധിച്ചിരുന്നു എന്ന് കാണാവുന്നതാണ്. എന്നാൽ ആസ്തി രജിസ്റ്ററിൽ അണ്ടൂർ വൈങ്കോട്ടൂർ റോഡിൽ, **03/06/2020** ന് ശ്രീമതി മാലിനി ടി എന്നയാൾക്കും, **02/12/2020**- ന് ശ്രീ രതീഷ് കുമാർ ടി.,സ്മിത ആർ. എന്നിവർക്കും റോഡിന്റെ വീതി 7 മീറ്റർ ആയി കാണിച്ച് ചുറ്റുമതിൽ നിർമ്മാണത്തിനു സെക്രട്ടറിയായിരുന്ന ശ്രീ. അലക്സ് സി. തന്നെ പെർമിറ്റ് നൽകിയിട്ടുള്ളതായുള്ള റിപ്പോർട്ട് പരിശോധിക്കുകയാണെങ്കിൽ, 7 മീറ്റർ രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ.വേണുഗോപാലിന്റെ അപേക്ഷയിൽ രണ്ടാമതും ലഘുവായ കാരണങ്ങൾ ഉന്നയിച്ച് പെർമിറ്റ് നല്കുന്നതിൽ കാലതാമസം വരുത്തിയതായും ആയത് നിഷേധിക്കുന്ന രീതിയിൽ പ്രവർത്തിച്ചതായും മനസ്സിലാക്കാവുന്നതാണ്.*

*ശ്രീ.രാജു സെക്രട്ടറിയായിരുന്ന കാലയളവിലാണ് **21.03.2022**-ലെ സർക്കാരിന്റെ ആർ.എ.**3-97/2022**/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം നിർദ്ദേശം നല്കിയതും, ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ **387/2020** ആയി ശ്രീ. വേണുഗോപാൽ ഫയൽ ചെയ്ത കേസിലെ **21/06/2022** ൽ ഉത്തരവ് പുറപ്പെടുവിച്ചതും. മേൽ ഉത്തരവുകൾ പാലിക്കാത്തതും, ബഹു. കൊട്ടാരക്കര മുൻസിഫ് കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിൽ ശ്രീ. വേണുഗോപാലിന്റെ ഭാഗത്തെ റോഡിന്റെ വീതി **6.75** മീറ്റർ മുതൽ 7 മീറ്റർ വരെയാണെന്നും കണ്ടെത്തിയിരുന്നു. ആയതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായറിപ്പോർട്ടിലെ, സർവ്വേ സ്കെച്ച് പരിശോധിച്ചു തന്നെ പെർമിറ്റ് അനുവദിക്കാമെന്നിരിക്കെ, റോഡിന്റെ വീതി രേഖപ്പെടുത്തി ലഭ്യമായാലേ പെർമിറ്റ് അനുവദിക്കാൻ കഴിയൂ എന്ന നിലപാടും സ്വീകരിച്ചത് ശ്രീ. രാജു എം.-ന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചയായി കാണാവുന്നതാണ് എന്നുള്ള പരാമർശം ശരിവയ്ക്കാവുന്നതാണ്.*

**8.** മേൽ വിഷയത്തിൽ ശ്രീ.വേണുഗോപാൽ ബി, സരസ്വതി വിലാസം, പൊലിക്കോട് വയസ്സൽ (പി.ഒ) എന്ന വ്യക്തിക്ക് മതിൽ നിർമ്മാണത്തിനായി **09.08.2023** തീയതിയിൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പെർമിറ്റ് നൽകിയിട്ടുള്ളതായും മതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമാണെന്നും മതിൽ നിർമ്മാണ അനുമതി നൽകുന്നില്ല എന്ന പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതായും ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പരാമർശം **(9)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.

**9.** മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാതിക്കാരനായ ശ്രീ.വേണുഗോപാലിന് മതിൽ നിർമ്മാണത്തിന് അനുമതി ലഭിക്കുകയുണ്ടായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ. അലക്സ്, ശ്രീ. രാജു എം. എന്നിവർക്കെതിരെ **1960**-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം ആരംഭിച്ചിരുന്ന അച്ചടക്ക നടപടിയിൽ ശ്രീ.അലക്സിന് 'സെൻഷ്വർ' നൽകിയും, **31.05.2025**-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ.രാജു എം. നെതിരെയുള്ള അച്ചടക്ക നടപടി ഉപേക്ഷിച്ചും ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.അലക്സ്, മുൻ സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )*
2. ശ്രീ.രാജു എം., മുൻ സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്,പത്തനംതിട്ട *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )*
3. പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ ,ഇടുക്കി
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (*ഫയൽ നം. ഇപിബി2/118/2024/തസ്വഭവ.*)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 29-05-2026 14:25:01
സെക്ഷൻ ഓഫീസർ